## (11) വിവിധ സർക്കാർ വകുപ്പുകളുടെ ഭരണ റിപ്പോർട്ട് യഥാസമയം ലഭ്യമാക്കാത്തത് സംബന്ധിച്ച്

2016 നവംബർ 8-ാം തീയതി റിപ്പോർട്ട് സമർപ്പണത്തിനുശേഷം, പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ സഭയുടെ മേശപ്പുറത്തുവച്ച സർക്കാർ വകുപ്പുകളുടെ വാർഷിക ഭരണ റിപ്പോർട്ടുകൾ പലതും വർഷങ്ങൾക്ക് മുമ്പുള്ളതാണ്. അവ യഥാസമയം സഭയുടെ മേശപ്പുറത്ത് വയ്ക്കുകയും അംഗങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് കാലതാമസം വരുത്തുന്നതിനാൽ പ്രസ്തുത റിപ്പോർട്ടുകളിന്മേലുള്ള അപാകതകളും പോരായ്മകളും യഥാസമയം ചൂണ്ടിക്കാണിക്കുന്നതിനുള്ള അംഗങ്ങളുടെ അവസരങ്ങൾ നഷ്ടപ്പെടുകയും ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് കാലതാമസമുണ്ടാകുകയും ചെയ്യുന്നു. ചട്ടങ്ങളും റെഗുലേഷനുകളും സ്കീമുകളും പുറപ്പെടുവിച്ചുകഴിഞ്ഞാൽ അവ തൊട്ടടുത്ത സഭാസമ്മേളനത്തിൽ സഭയുടെ മേശപ്പുറത്തുവയ്ക്കണമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ ഭരണ റിപ്പോർട്ടുകൾ നിയമസഭയിൽ ഏത് കാലപരിധിക്കുള്ളിൽ സമർപ്പിക്കണമെന്ന് വ്യക്തമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ അക്കാര്യത്തിൽ വ്യക്തത വരുത്തണമെന്നും കാലതാമസത്തിന് യുക്തിസഹമല്ലാത്ത കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ഉൾപ്പെടെയുള്ള റിപ്പോർട്ടുകൾ മേശപ്പുറത്ത് വയ്ക്കുന്നത് ആശങ്കാജനകമാണെന്നും ആയതിനാൽ ഭരണ റിപ്പോർട്ടുകൾ സമയബന്ധിതമായി

സഭയിൽ സമർപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുന്നതിന് റൂളിംഗ് നൽകണമെന്നും പ്രതിപക്ഷത്തെ ഒരംഗം ആവശ്യപ്പെട്ടു.

വാർഷിക ഭരണ റിപ്പോർട്ടുകൾ കൃത്യമായി നിയമസഭയ്ക്ക് ലഭ്യമാക്കുന്നതിൽ വകുപ്പുകളുടെ ഭാഗത്തുനിന്നുമുണ്ടാകുന്ന അലംഭാവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഭരണ റിപ്പോർട്ടുകൾ നിയമസഭാ സാമാജികർക്ക് ലഭ്യമാക്കുന്നതിൽ അന്യായമായ കാലതാമസം വരുത്തുന്നത് അപ്രകാരം റിപ്പോർട്ട് ലഭ്യമാക്കുന്നതിന്റെ ഉദ്ദേശത്തെ ഹനിക്കുന്നതാണെന്നും ഭരണ റിപ്പോർട്ടുകൾ നിയമസഭയ്ക്ക് ലഭ്യമാക്കുന്നതിൽ സമയപരിധി നിശ്ചയിച്ചിട്ടില്ലെങ്കിലും സാമ്പത്തിക വർഷം അവസാനിച്ചാൽ എത്രയുംവേഗം അവ ലഭ്യമാക്കേണ്ടതാണെന്നും എല്ലാ വകുപ്പുകൾക്കും ഇതുസംബന്ധിച്ച് നിർദ്ദേശം നൽകുന്നതാണെന്നും ബഹുമാനപ്പെട്ട സ്പീക്കർ ഇടപെട്ട് ഇക്കാര്യത്തിൽ സമയപരിധി നിശ്ചയിക്കുന്നത് നന്നായിരിക്കുമെന്നും ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ആവശ്യപ്പെട്ടു.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി*

"വിവിധ സർക്കാർ വകുപ്പുകളുടെ വാർഷിക ഭരണ റിപ്പോർട്ടുകൾ, സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ വാർഷിക ഓഡിറ്റ് റിപ്പോർട്ടുകൾ എന്നിവ

---

* XIV KLA/II Session Vol.163 Report No. 25 dated 08-11-2016

നിയമസഭയിൽ സമർപ്പിക്കുന്നതിനുണ്ടാകുന്ന കാലതാമസം ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ നിയന്ത്രണത്തിലുള്ള ഇതര സ്ഥാപനങ്ങൾ എന്നിവയുടെ വാർഷിക ആഡിറ്റ് റിപ്പോർട്ടുകളും ഭരണ റിപ്പോർട്ടുകളും സ്റ്റാറ്റ്യൂട്ടറിയായിത്തന്നെ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതുണ്ട്. സർക്കാർ വകുപ്പുകളുടെ ഭരണ റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തു വയ്ക്കണമെന്ന പ്രത്യേക നിയമ വ്യവസ്ഥ നിലവിലില്ലാത്തതിനാൽ അവ നിയമസഭാംഗങ്ങളുടെ അറിവിലേയ്ക്കായി സർക്കുലേറ്റ് ചെയ്യുന്ന പതിവാണ് നിലനിൽക്കുന്നത്.

സർക്കാർ വകുപ്പുകളുടെ വാർഷിക ഭരണ റിപ്പോർട്ടുകൾ എപ്രകാരമാണ് തയ്യാറാക്കേണ്ടതെന്ന് സർക്കാർ ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മിക്ക വകുപ്പുകളും സമയബന്ധിതമായി വാർഷിക ഭരണ റിപ്പോർട്ടുകൾ തയ്യാറാക്കുകയോ നിയമസഭാംഗങ്ങൾക്ക് ലഭ്യമാക്കുകയോ ചെയ്യുന്നില്ലെന്നാണ് സ്ഥിതിവിവര കണക്കുകൾ സൂചിപ്പിക്കുന്നത്. ഇത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ച മാത്രമല്ല, നിയമസഭാംഗങ്ങളുടെ അറിയാനുള്ള അവകാശത്തിന്റെ ലംഘനംകൂടിയാണ്. ആകയാൽ സർക്കാരിന്റെ എല്ലാ വകുപ്പുകളും തങ്ങളുടെ വാർഷിക ഭരണ റിപ്പോർട്ടുകൾ സമയബന്ധിതമായി തയ്യാറാക്കി സഭയ്ക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. സമയപരിധി നിശ്ചയിക്കുന്നത്

സംബന്ധിച്ച് സർക്കാരുമായി ആലോചിച്ചശേഷം തീരുമാനിക്കാവുന്നതാണ്"